# ചരിത്രത്തിന്റെ കംപാർട്ടുമെന്റിൽനിന്നും പുറത്താകുന്നവർ

ജോഷി ജോസഫ്/കേരളീയം

*പ്രശസ്ത ഡോക്യുമെന്ററി സംവിധായകൻ ജോഷി ജോസഫുമായുള്ള സംഭാഷണം തുടരുന്നു... മൂലമ്പിള്ളി മുതൽ നന്ദിഗ്രാംവരെ - വികസനത്തിന് മനുഷ്യരഹിത മുഖം ഉണ്ടാകുന്നതിന്റെ സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലം വിശദീകരിക്കുന്നു.*

**"ഇത്തവണത്തെ ഇലക്ഷന്റെ കാര്യം പറഞ്ഞാൽ പിണറായി വിജയന്റെ മുഖം പോസ്റ്ററിൽ വന്നതാണ് സി.പി.എമ്മിന് പറ്റിയ ഏറ്റവും വലിയ അബദ്ധമെന്നാണ് ഞാൻ കരുതുന്നത്. ഒരു മുഖത്തോടും ഭാവത്തോടുമൊക്കെയാണ് മനുഷ്യർ ആദ്യം പ്രതികരിക്കുന്നത്. ആശയത്തോട് പ്രതികരിക്കുന്നത് പിന്നീടാണ്. പിണറായി വിജയന്റെ മുഖം പോസ്റ്ററിൽ അടിക്കാതിരുന്നെങ്കിൽ കേരളത്തിലെ സി.പി.എമ്മുകാർക്ക് കുറച്ചുകൂടി ബുദ്ധിയുണ്ടെന്ന് ഞാൻ വിശ്വസിക്കുമായിരുന്നു. കാരണം ബംഗാളിൽ അവർ ബുദ്ധദേവിന്റെ പടം പോസ്റ്ററിൽ അടിച്ചിട്ടുണ്ടായിരുന്നില്ല. അയാളുടെ പടം പോസ്റ്ററിൽ വന്നാൽ ഇയാൾക്ക് വോട്ടുകൊടുത്താൽ നമ്മുടെ ഭൂമിയെല്ലാം അടിച്ചുമാറ്റും എന്നൊരു തോന്നൽ ജനത്തിനുണ്ടാകാനിടയുണ്ട്. അതുകൊണ്ട് എല്ലാ പോസ്റ്ററുകളിൽ നിന്നും അയാൾ ഒഴിവായി."**

**വീണ്ടും മൂലമ്പിള്ളിയിലേക്ക് തിരികെപോവുകയാണെങ്കിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ നിലനിന്നിരുന്ന, നവോത്ഥാന മൂല്യങ്ങൾ നിലനിന്നിരുന്ന കേരളം പോലൊരു പ്രദേശത്തുണ്ടായിരിക്കുന്ന ഇത്തരം ഫാസിസ്റ്റ് രീതിയിലുള്ള വികസന പരീക്ഷണങ്ങൾ അത്തരം മൂല്യങ്ങൾക്ക് ശോഷണം സംഭവിച്ചതിന്റെ ഭാഗമായി സംഭവിച്ചതാണോ?**

ഭൂപരിഷ്കരണമൊഴിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഇവിടെ ഒന്നും അവശേഷിപ്പിച്ചിട്ടില്ല എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. ഇവിടെ കോൺഗ്രസ്സുകാരു പോലും കമ്മ്യൂണിസ്റ്റുകാരാണ്. രാഷ്ട്രീയവുമായി ബന്ധം പുലർത്താത്ത കലയേയോ സാഹിത്യത്തെയോ ഒന്നും പണ്ടുമുതലേ മലയാളി അംഗീകരിക്കില്ല. പരമ്പരാഗതമായിത്തന്നെ നമ്മൾ രാഷ്ട്രീയപരമായി വളരെ ശ്രദ്ധാലുക്കളാണെന്നതിന്റെ സൂചനയാണ് അത്. കേരളീയ സമൂഹത്തിൽ ഇന്നും നിലനിൽക്കുന്ന പ്രതികരണ ശേഷി നവോത്ഥാന മൂല്യങ്ങളുടെ ഭാഗമായുണ്ടായതാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആ മൂല്യങ്ങൾ നിലനിൽക്കുന്നതുകൊണ്ടാണ് മൂലമ്പിള്ളി സംഭവത്തിന്റെ ഭാഗമായി മേരി ചേച്ചിയെപ്പോലുള്ളൊരു സ്ഥാനാർത്ഥി ഇലക്ഷനെത്തുന്നത്, അതൊരു പ്രതീകാത്മക പ്രതിനിധാനമാണെങ്കിൽ പ്പോലും. കള്ളൻമാർക്ക് വോട്ടുചെയ്യാൻ താത്പര്യമില്ലാത്തവർക്ക് വോട്ടുചെയ്യാനൊരു സാധ്യത നൽകുക എന്നതുതന്നെ പ്രധാനപ്പെട്ടകാര്യമാണ്. ഇതൊന്നും കേരള സമൂഹത്തിന്റെ ഇടതുപക്ഷമാനസികാവസ്ഥയിൽ നിന്നുണ്ടായതാണെന്ന് ഞാൻ കരുതുന്നില്ല. ഇടതുപക്ഷത്തിന്റെ പ്രത്യേകിച്ച് സി പി എമ്മിന്റെ ഉള്ളിൽ തന്നെ ഫാസിസമാണുള്ളത്. ബംഗാളിൽ ടാഗോറിനെ പാർട്ടി ആദ്യം ബൂർഷ്വാ സാഹിത്യകാരനായിട്ടാണ് കണ്ടിരുന്നത്. പിന്നെ ടാഗോറിന്റെ പേര് പറയാതെ ബംഗാളിൽ പിടിച്ച് നിൽക്കാൻ വകുപ്പില്ല എന്ന് വന്നപ്പോഴാണ് അവർ ടാഗോറിനെ അംഗീകരിക്കാൻ തയ്യാറായത്. അത്തരം ഇരട്ടത്താപ്പ് നയം കേരളത്തിലെയും അവരുടെ എല്ലാ പ്രവർത്തനങ്ങളിലും നമുക്ക് കാണാൻ സാധിക്കും.

പിന്നെ ഇത്തവണത്തെ ഇലക്ഷന്റെ കാര്യം പറഞ്ഞാൽ പിണറായി വിജയന്റെ മുഖം പോസ്റ്ററിൽ വന്നതാണ് സി.പി.എമ്മിന് പറ്റിയ ഏറ്റവും വലിയ അബദ്ധമെന്നാണ് ഞാൻ കരുതുന്നത്. ഒരു മുഖത്തോടും ഭാവത്തോടുമൊക്കെയാണ് മനുഷ്യർ ആദ്യം പ്രതികരിക്കുന്നത്. ആശയത്തോട് പ്രതികരിക്കുന്നത് പിന്നീടാണ്. പിണറായി വിജയന്റെ മുഖം പോസ്റ്ററിൽ അടിക്കാതിരുന്നെങ്കിൽ കേരളത്തിലെ സി.പി.എമ്മുകാർക്ക് കുറച്ചുകൂടി ബുദ്ധിയുണ്ടെന്ന് ഞാൻ വിശ്വസിക്കുമായിരുന്നു. കാരണം ബംഗാളിൽ അവർ ബുദ്ധദേവിന്റെ പടം പോസ്റ്ററിൽ അടിച്ചിട്ടുണ്ടായിരുന്നില്ല. അയാളുടെ പടം പോസ്റ്ററിൽ വന്നാൽ ഇയാൾക്ക് വോട്ടുകൊടുത്താൽ നമ്മുടെ ഭൂമിയെല്ലാം അടിച്ചുമാറ്റും എന്നൊരു തോന്നൽ ജനത്തിനുണ്ടാകാനിടയുണ്ട്. അതുകൊണ്ട് എല്ലാ പോസ്റ്ററു

കളിൽ നിന്നും അയാൾ ഒഴിവായി. ഇവിടുത്തെ ഇടതുപക്ഷത്തേക്കാൾ പ്രായോഗിക ബുദ്ധിയുള്ളവരാണ് ബംഗാളിലെ ഇടതുപക്ഷക്കാർ.

വരുന്ന നവംബർ മാസത്തിൽ വല്ലാർപ്പാടം പദ്ധതി പൂർത്തിയാകുമെന്നാണ് പറയുന്നത്. നമ്മുടെ പ്രതിഷേധങ്ങളെല്ലാം എവിടെപ്പോയി. വികാരങ്ങൾ ആറിപ്പോയാൽ ആറിപ്പോയതുതന്നെയാണ്. മറ്റു പലസംഗതികളിലേക്കും നമ്മൾ അറിയാതെ പ്രവേശിച്ചുപോകും. വികാരം ഇപ്പോഴും കത്തിനിൽക്കുകയായിരുന്നെങ്കിൽ പ്രധാനമന്ത്രി പള്ളുരുത്തിയിൽ വന്ന് ഭൂമി ഏറ്റെടുക്കൽ വൈകിയതുകൊണ്ടാണ് വല്ലാർപ്പാടം പദ്ധതി താമസിക്കുന്നത് എന്നൊന്നും ധൈര്യമായി പറയില്ലായിരുന്നു. മൂലമ്പിള്ളിയിൽ വന്നത് ഇടതുപക്ഷ ജെസിബി ആയതുകൊണ്ട് മാത്രം മിണ്ടാതിരുന്ന പല എഴുത്തുകാരും സിനിമാക്കാരുമാണ് ഇവിടെയുള്ളത്. ഇടതുപക്ഷ ജെസിബിയെ ന്യായീകരിക്കുകയും വലതുപക്ഷ ജെസിബിയെ കുറ്റം പറയുകയും ചെയ്യുന്ന ഒരു മനോഭാവമാണ് കേരളത്തിലെ പ്രഖ്യാപിത സാംസ്കാരിക നായകൻമാർക്കെല്ലാമുള്ളത്. എന്നാൽ ബംഗാളിലെ സ്ഥിതി അങ്ങിനെയല്ല. 1959ൽ ഇ എം എസ് മന്ത്രിസഭ പിരിച്ചുവിട്ടപ്പോൾ അതിനെതിരെ കൊൽക്കത്തയിൽ നടന്ന പ്രകടനത്തിൽ മുൻ നിരയിലുണ്ടായിരുന്നത് സത്യജിത്ത് റേയായിരുന്നു. അതെല്ലാം സത്യസന്ധമായ പ്രതിഷേധങ്ങളായിരുന്നു. പക്ഷെ കേരളത്തിൽ എല്ലാം കപടമായിക്കൊണ്ടിരിക്കുകയാണ്. സത്യസന്ധമായ പ്രതിഷേധങ്ങളുണ്ടാകാത്തതുകൊണ്ടാണ് മൻമോഹൻ സിംഗും അച്ചുതാനന്ദനുമെല്ലാം ഈ വിവധത്തിൽ കള്ളന്യായങ്ങൾ നിരത്തുന്നത്. ഒന്നും സഹിക്കാതെ വികസനമുണ്ടാകില്ല എന്ന് സമാധാനപ്പെടുന്ന തരത്തിലേക്ക് അനുദിനം നമ്മൾ പരിണമിച്ചുകൊണ്ടിരിക്കുകയാണ്. വികസനത്തിന്റെ പേരിൽ കേരളത്തിൽ എന്തും ചെയ്യാൻ സാധിക്കും. കോടികൾ മുടക്കുന്നതല്ലേ, എന്ത് തോന്നിവാസം വേണമെങ്കിലും കാണിച്ചോട്ടെ എന്തിനാ വെറുതെ തള്ളിപ്പറയുന്നത് എന്നാണ് ഇവിടെ ജനങ്ങൾ കാര്യങ്ങളെ കാണുന്നത്. വികസനത്തിന്റെ ഭാഗമായാണ് ഡിസ്പ്ലെയിസ്മെന്റുണ്ടാകുന്നതെങ്കിൽ ഇവിടെ വികസനമെന്നത് ഡിസ്പ്ലെയിസ്മെന്റ് മാത്രമായിമാറുകയാണ്.

**ഡോക്യുമെന്ററിയിലൂടെയും സിനിമയിലൂടെയും ഇത്തരം സാമൂഹിക വിഷയങ്ങളെ അവതരിപ്പിക്കാൻ താങ്ങൾ എങ്ങിനെയാണ് ശ്രമിക്കുന്നത്?**

ജേർണി ഓഫ് ആൻ ഇന്ത്യൻ ഫാർമർ എന്നത് എന്റെ ഒരു ഫിക്ഷൻ ചിത്രമായിരുന്നു, ആശയങ്ങൾ നേരിട്ടവതരിപ്പിക്കുക എന്നത് ഫിക്ഷന്റെ ലക്ഷണമല്ല. ഫിക്ഷനിൽ അവതരിപ്പിക്കുന്ന കഥയിലൂടെ വേണം അത് മുന്നോട്ട് വയ്ക്കുന്ന ആശയങ്ങൾ പുറത്ത് വരേണ്ടത്. ലേഖനത്തിൽ ആശയങ്ങൾ നേരിട്ടവതരിപ്പക്കാം പക്ഷെ ഫിക്ഷനിൽ അത് പാടില്ല. രാജധാനി കംപാർട്ട്മെന്റിൽ ഭുവനേശ്വരിൽ നിന്നും ഡൽഹിയിലേക്ക് പോകുന്ന ഒരു കർഷകന്റെ കഥയാണ് ഈ ചിത്രം. കർഷകനോടൊപ്പം ട്രങ്ക് പെട്ടിയും തണ്ണിമത്തനുമൊക്കെയായി അയാളുടെ കുടുംബവും കൂടെയുണ്ട്. രാജധാനി ട്രെയിനിന്റെ കംപാർട്ട്മെന്റിൽ അത്തരമൊരു യാത്രക്കാർ കയറുന്നതുതന്നെ മറ്റുള്ളവർക്ക് വിചിത്രമായ കാര്യമാണ്. ടിക്കറ്റ് എക്സാമിനർപോലും ടിക്കറ്റ് പരിശോധിക്കുന്നതിന് മുൻപ് ഇവരെയാണ് നോക്കുന്നത്. കർഷകകുടുംബത്തിന്റെ കൈയിൽ ടിക്കറ്റ് എല്ലാമുണ്ട്, എന്നാലും ഇയാൾ എങ്ങിനെ ഈ ട്രെയിനിൽ വന്നുപെട്ടു എന്ന സംശയത്തോടെ യാത്രക്കാരെല്ലാം അവരെ നോക്കുന്നു. എല്ലാവരും കൂടുതൽ സംശയത്തോടെ നോക്കുമ്പോൾ അവരെ കൂടുതൽ അസ്വസ്ഥരാക്കാൻ വേണ്ടി കർഷകൻ കൂടുതൽ മോശമായ രീതികൾ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. അസ്വസ്ഥരായ ആളുകൾ കൂടുതൽ വിവരങ്ങൾ അന്വഷിച്ചപ്പോഴാണ് മനസ്സിലായത് അയാൾ രാഷ്ട്രപതിയുടെ മികച്ച കർഷകനുള്ള അവാർഡ് വാങ്ങുന്നതിനായി ഡൽഹിയിലേക്ക് പോവുകയാണെന്ന്. അതോടെ ആളുകളുടെ മനോഭാവം പെട്ടെന്ന് മാറി. അയാളുടെ ട്രങ്ക് പെട്ടിയും തണ്ണിമത്തനുമൊക്കെ വിശുദ്ധ സാധനങ്ങളായി മാറി. പിന്നെയുള്ള സീനിൽ കർഷകൻ വെസ്റ്റേൺ സ്റ്റൈൽ ടോയിലറ്റിൽ പോകാൻ ശ്രമിക്കുമ്പോഴുള്ള അബദ്ധങ്ങളാണ് ചിത്രീകരിച്ചിരിക്കുന്നത്. ഡൽഹിയിൽ പോകാനിരുന്ന അയാളും ഭാര്യയും ഇറങ്ങിപ്പോകുന്നതായി മറ്റ് യാത്രക്കാർക്ക് തോന്നുന്നു, എന്നാൽ അവർ ശരിക്കും ഇറങ്ങിപ്പോകുന്നില്ല. മറ്റുള്ളവരുടെ തോന്നലുകളിൽ അവർ ഇറങ്ങിപ്പോകുന്നു. അവസാന സീനിൽ അതേ വണ്ടിയിൽ അതേ സ്ഥലത്തിരുന്ന് അയാൾ തണ്ണിമത്തൻ കഴിക്കുന്നതാണ് കാണിക്കുന്നത്. ചരിത്രത്തിന്റെ കംപാർട്ട്മെന്റിൽ നിന്നും നമ്മൾ എത്രയാളുകളെയാണ് ഇതുപോലെ ഇല്ലാതാക്കുന്നത്. മൂലമ്പിള്ളിക്കാരെ ഇല്ലാതാക്കുന്നതും ഇതുപോലെ തന്നെയാണ്. അവർക്കുവേണ്ടിയുള്ള സ്റ്റേഷനുകൾ നമ്മൾ മുൻകൂട്ടി കരുതിവച്ചിരിക്കുകയാണ്.

*(തുടരും)*

*ഡയറക്ടർ, ഫിലിംഡിവിഷൻ, ദൂരദർശൻ ഭവൻ, കൽക്കട്ട - 700095. jjoshy@gmail.com*

## സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

കേരളത്തിലെ പൊതു വിഭവങ്ങൾക്കുവേണ്ടിയുള്ള ജനകീയ സമരങ്ങളേയും പൊതു പ്രശ്നങ്ങളേയും കേരളീയത്തിൽ പരിചയപ്പെടുത്തുന്നതിനും ബന്ധിപ്പിക്കുന്നതിനും വേണ്ടി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനവിവരങ്ങൾ, പത്രക്കട്ടിങ്ങുകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രമാധ്യമങ്ങളുടെ പ്രാദേശിക എഡിഷനുകൾ വന്നതോടുകൂടി ഒരു പൊതുപ്രശ്നം ജില്ലയ്ക്കകത്തുപോലും ചർച്ച ചെയ്യാതിരിക്കുന്ന സ്ഥിതിയിൽ അതറിയിക്കാനും ബന്ധിപ്പിക്കാനും സമരവിവരങ്ങൾ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിലാസം :

**കേരളീയം, കൊക്കാലെ, തൃശൂർ-21**

**ഫോൺ : 9446576943, 9446586943, 0487-2421385**

e-mail : robinkeraleeyam@gmail.com